# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7008** **2.11.2011 ൽ മറുപടിക്ക്**

### വയനാട് ജില്ലയിലെ ഗ്രാമീണ റോഡുകളെക്കുറിച്ചുള്ള പഠനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. വി. ശ്രേയാംസ്കുമാർ | **ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>**(മരാമത്ത്‌വകുപ്പു മന്ത്രി)** |
| (എ) നാറ്റ്പാക് - ന്റെ ആഭിമുഖ്യത്തിൽ വയനാട് ജില്ലയിലെ ഗ്രാമീണ റോഡുകളുടെ സമഗ്രമായ വികസനത്തെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) ഉണ്ട്.<br>1) വയനാട് ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളുടെ റോഡ് നെറ്റ്‌വർക്ക് മാപ്പുകൾ തയ്യാറാക്കിയിട്ടുണ്ട്.<br>2) ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പ്രധാന ഗ്രാമീണ റോഡുകളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (ബി) * പഠന റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു. |
| (സി) ജില്ലയിലെ ഗ്രാമീണ റോഡുകളുടെ വികസനത്തിനും ആസൂത്രണത്തിനുമായി എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിരിക്കുന്നത്. വിശദമാക്കുമോ ? | (സി) വയനാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിലെ നിലവിലുള്ള പ്രധാന റോഡുകളെ മുൻഗണനാ ക്രമത്തിൽ തെരഞ്ഞെടുക്കുകയും പ്രസ്തുത റോഡുകളുടെ വികസനത്തിനായി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ധനസഹായത്തിനായി നബാർഡ് മുതലായ കേന്ദ്ര സർക്കാർ ഫണ്ടിംഗ് ഏജൻസികളിൽ നിന്നും സഹായം ലഭ്യമാക്കുന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ

* അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.